**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2264** **05-02-2026 - ൽ മറുപടിയ്ക്ക്**

**മോഡേണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മോഡേണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | തിരുവനന്തപുരത്ത് എൻ.എച്ച്.എം, ഡി.ടി.പി.സി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെയും, എറണാകുളത്ത് എൻ.എച്ച്.എം, ജി.സി.ഡി.എ എന്നിവയുടെയും, കോഴിക്കോട് എൻ.എച്ച്.എം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെയും, മലപ്പുറത്ത് ഡി.ടി.പി.സി, എൻ.എച്ച്.എം എന്നിവയുടെയും സഹകരണത്തോടെയാണ് മോഡേണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |
| (സി) | മേൽപ്പറഞ്ഞ പദ്ധതിയിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ ഫുഡ് സ്ട്രീറ്റിനും ഒരു കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫുഡ് സ്ട്രീറ്റിലെ സ്ഥാപനങ്ങൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നു. കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ പരിശോധനകൾ നടത്തുകയും FoSTaC പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ശുചിത്വ സംവിധാനങ്ങൾ, വൈദ്യുതി, വെളിച്ചം, ശുദ്ധജലം, ശൗചാലയങ്ങൾ, മാലിന്യസംസ്കരണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഏതെല്ലാം മേഖലയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് തിരുവനന്തപുരത്ത് ശംഖുമുഖം, എറണാകുളത്ത് കസ്തൂർബാ നഗർ, കോഴിക്കോട് ബീച്ച്, മലപ്പുറത്ത് കോട്ടക്കുന്ന് എന്നീ നാല് സ്ഥലങ്ങളിലാണ് നിലവിൽ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ